**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 898** **05-02-2020 ലെ മറുപടി**

**ചടയമംഗലം നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | | **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) & (ബി) | ചടയമംഗലം നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ച് വിശദീകരിക്കാമോ;<br><br>മൈനർ ഇറിഗേഷൻ വഴി ഏതൊക്കെ പദ്ധതികളാണ് ചടയമംഗലം നിയോജക മണ്ഡലത്തിൽ പുതുതായി ആരംഭിക്കുന്നത്;<br>വിശദവിവരം നല്കാമോ? | (എ) & (ബി) | ചീഫ് എൻജിനീയർ (ജലസേചനവും ഭരണവും) കാര്യാലയവുമായി ബന്ധപ്പെട്ട് ചടയമംഗലം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.<br>ചടമയമംഗലം നിയോജകമണ്ഡലത്തിൽ കേരള ജലഅതോറിറ്റി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.<br>ഭൂജലവകുപ്പ് കൊല്ലം ജില്ലാ ഓഫീസ് മുഖേന ചടമയമംഗലം നിയോജകമണ്ഡലത്തിലെ നിലമേൽ ഗ്രാമപഞ്ചായത്തിലെ കൊപ്പം മാറാൻകുഴി പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മാണം പൂർത്തീകരിച്ച ചെറുകിട കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>ചീഫ് എഞ്ചിനീയർ, പദ്ധതിവിഭാഗം II |

| | | | |
|---|---|---|---|
| | | | കാര്യാലയത്തിനു കീഴിൽ ചടയമംഗലം നിയോജകമണ്ഡലത്തിലെ വെളിനെല്ലൂർ പഞ്ചായത്തിൽ കല്ലട ജലസേചന പദ്ധതിയുടെ ഓയൂർ ഡിസ്ട്രിബ്യൂട്ടറി ചെയിനേജ് 3900 മീറ്ററിനും 4300 മീറ്ററിനുമിടയിൽ നടപ്പ സാമ്പത്തിക വർഷം SDRF പദ്ധതിയിൽ ഉൾപ്പെടുത്തി 4.9 ലക്ഷം രൂപയുടെ കനാൽ ലൈനിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

| | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | ചടയമംഗലം പഞ്ചായത്തിൽ പൂങ്കോട് പുത്തൻവിള കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസിനു സമീപം ഇത്തിക്കര ആറിനു കുറുകെ തടയണ നിർമ്മാണം | 45 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2. | ചടയമംഗലം പഞ്ചായത്തിൽ കുഴിയം കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസിനു സമീപം ഇത്തിക്കര ആറിനു കുറുകെ തടയണ നിർമ്മാണം | 45 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു. |
| 3. | ചടയമംഗലം പഞ്ചായത്തിൽ പൂങ്കോട് പുത്തൻവിള കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസിനു സമീപം ഇത്തിക്കര ആറിനു കുറുകെയുള്ള ചെക്ക് ഡാമിന്റെ സംരക്ഷണപ്രവൃത്തികൾ. | 25 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു. |
| 4. | ചടയമംഗലം പഞ്ചായത്തിൽ കുഴിയം കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസിനു സമീപം ഇത്തിക്കര ആറിനു കുറുകെയുള്ള ചെക്ക് ഡാമിന്റെ സംരക്ഷണപ്രവൃത്തികൾ. | 25 ലക്ഷം | ചെക്കഡാമിന്റെ പണി പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| 5 | കൊല്ലം ജില്ലയിൽ ഇളമാട് പഞ്ചായത്തിലെ വാർഡ് നം. 9ലെ തോട്ടത്തറ ഏലാ തോടിന്റെ നവീകരണം. | 34 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 6 | നിലമേൽ പഞ്ചായത്തിൽ വേക്കൽ ഏലാതോടിന്റെ സംരക്ഷണപ്രവൃത്തികളുടെ ബെഡ് ലെവൽ ക്രോസ് ബാർ നിർമ്മാണവും. | 12 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 7 | ഇട്ടിവ പഞ്ചായത്തിൽ അർത്തക്കപ്പൻ ക്ഷേത്രത്തിനു സമീപം ചാണപ്പാറ - കൊട്ടാരം വാതുക്കൽ ഏലായുടെ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും നിലവിലുള്ള വി.സി.ബി. (വെന്റഡ് ക്രോസ് ബാർ) യുടെ നവീകരണവും | 12 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 8 | ഇട്ടിവ പഞ്ചായത്തിൽ തുടയന്നൂർ വിളയിൽ ഭാഗത്തിനുസമീപം അണപ്പാട് - കവുങ്കൽ തോടിനു കുറുകെ ചെക്ക് ഡാം നിർമ്മാണം. | 17 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 9 | അലയമൺ പഞ്ചായത്തിലെ ഇത്തിക്കര നദീതടത്തിൽ കടവാരം - മുന്നാറ്റിൻമൂല ഏലായിലേയ്ക്കുള്ള ജലസേചന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തലും വി.സി.ബി. യുടെ നിർമ്മാണവും | 17,50 ലക്ഷം | പ്രവൃത്തി ആരംഭിച്ചു. |

| | | | |
|---|---|---|---|
| 11 | ചിതറ പഞ്ചായത്തിലെ അയിരംകുഴി കുളം നവീകരണം | 1 ലക്ഷം | കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. |
| 12 | കടയ്ക്കൽ പഞ്ചായത്തിലെ മറുപുറം കുളം നവീകരണം | 80,000/- | കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. |
| 13 | ഇട്ടിവ പഞ്ചായത്തിലെ മണലുവട്ടം ചിറ നവീകരണം | 70,000/- | കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. |
| 14 | വെളിനല്ലൂർ പഞ്ചായത്തിലെ നെടുമങ്ങോട്ട് ചിറയുടെ നവീകരണം | 70,000/- | കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. |
| 15 | അലയമൺ പഞ്ചായത്തിൽ ചണ്ണപ്പേട്ട - മുങ്ങോട് ശ്രീ. വനദുർഗ്ഗ ക്ഷേത്രം വക തലക്കുളത്തിന്റെ നവീകരണവും ലീഡിംഗ് ചാനൽ നിർമ്മാണവും | 11.40 ലക്ഷം | 80% പ്രവൃത്തിപൂർത്തിയായി. |
| 16 | ചടയമംഗലം പഞ്ചായത്തിൽ ഇത്തിക്കര നദീതടത്തിനോട് ചേർന്ന പാടശേഖരങ്ങളിൽ ജലസേചന സൗകര്യങ്ങളുടെയും അടിസ്ഥാനസൗകര്യങ്ങളുടെയും മെച്ചപ്പെടുത്തൽ പ്രവൃത്തികളും അയത്തില വലിയ തോടിന്റെ പുനരുജ്ജീവന പ്രവൃത്തികളും. | 45 ലക്ഷം | പ്രവൃത്തി ആരംഭിച്ചു |
| 17 | കടയ്ക്കൽ പഞ്ചായത്തിൽ പേരൂട്ട്കാവ് ഏലായുടെ പുനരുജ്ജീവനവും ബി.എൽ.സി.ബി ലീഡിംഗ് ചാനൽ എന്നിവയുടെ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും. | 10 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 18 | ചടയമംഗലം പഞ്ചായത്തിൽ വെള്ളപ്പാറ മുലംകോട് കുളത്തിന്റെ നവീകരണം | 10 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 19 | കുമ്മിൾ പഞ്ചായത്തിൽ കോലിഞ്ചി ഏലാ തോടിൽ ചെക്ക് ഡാം, ലീഡിംഗ് ചാനൽ എന്നിവയുടെ നിർമ്മാണവും സംരക്ഷണ പ്രവൃത്തികളും. | 25 ലക്ഷം | കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. |
| 20 | കടയ്ക്കൽ പഞ്ചായത്തിലെ മണലിക്കുളത്തിന്റെ നവീകരണം. | 10 ലക്ഷം | കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. |
| 21 | അലയമൺ പഞ്ചായത്തിലെ പുല്ലാഞ്ഞിയോട് വെട്ടിത്തിരിപ്പ് ഏലാ തോടിനു കുറുകെ ചെക്ക് ഡാം നിർമ്മാണം. | 26 ലക്ഷം | എഗ്രിമെന്റ് നടപടികൾ പുരോഗമിക്കുന്നു |
| 22 | ചടയമംഗലം നിയോജകമണ്ഡലത്തിൽ ഇട്ടിവ പഞ്ചായത്തിൽ വയലാ കാവിലമ്മ ക്ഷേത്രത്തിന് സമീപം ഇത്തിക്കരയാറിന്റെ ഇടതുകരയുടെ സംരക്ഷണ പ്രവൃത്തികൾ | 10.43 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു. |
| 23 | ചടയമംഗലം കോട്ടുക്കൽ ഫാമിൽ സുഗമമായി ജലവിതരണം നടത്തുന്നതിനായി ഇത്തിക്കരയാറിന് കുറുകെ തടയണ നിർമ്മാണം, ജലസംഭരണിയുടെ നിർമ്മാണം, മറ്റ് അനുബന്ധ പ്രവൃത്തികൾ - ഭാഗം 3 - റീട്ടെയിനിംഗ് വാളിന്റെ നിർമ്മാണം | 44.06 ലക്ഷം | പ്രവൃത്തി ആരംഭിച്ചു. |
| 24 | ചടയമംഗലം കോട്ടുക്കൽ ഫാമിൽ സുഗമമായി ജലവിതരണം നടത്തുന്നതിനായി ഇത്തിക്കരയാറിന് കുറുകെ തടയണ നിർമ്മാണം, ജലസംഭരണിയുടെ നിർമ്മാണം, മറ്റ് അനുബന്ധ പ്രവൃത്തികൾ - ഭാഗം 2 - ചെക്ക് ഡാമിന്റെ നിർമ്മാണം | 48.84 ലക്ഷം | പ്രവൃത്തി ആരംഭിച്ചു. |
| 25 | ചടയമംഗലം പഞ്ചായത്തിൽ ഉമ്മനാട് കടവിന്റെ പുന:സ്ഥാപിക്കലും അറ്റകുറ്റ പ്രവൃത്തികളും | 5.17 ലക്ഷം | പ്രവൃത്തി ആരംഭിച്ചു. |

24 ബി) ചെറുകിട ജലസേചന വകുപ്പിന്റെ ചുമതലയിൽ ചടയമംഗലം നിയോജകമണ്ഡലത്തിൽ പുതുതായി ആരംഭിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കുമ്മിൾ പഞ്ചായത്തിൽ കോലിഞ്ചി ഏലാ തോടിൽ ചെക്ക് ഡാം, ലീഡിംഗ് ചാനൽ എന്നിവയുടെ നിർമ്മാണവും സംരക്ഷണ പ്രവൃത്തികളും. | 25 ലക്ഷം | കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. |
| കടയ്ക്കൽ പഞ്ചായത്തിലെ മണലിക്കുളത്തിന്റെ നവീകരണം. | 10 ലക്ഷം | കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. |
| അലയമൺ പഞ്ചായത്തിലെ പുല്ലാഞ്ഞിയോട് വെട്ടിത്തിരിപ്പ് ഏലാ തോടിനു കുറുകെ ചെക്ക് ഡാം നിർമ്മാണം. | 26 ലക്ഷം | എഗ്രിമെന്റ് നടപടികൾ പുരോഗമിക്കുന്നു |
| ചടയമംഗലം പഞ്ചായത്തിൽ കല്ലടത്തണ്ണി വലിയതോടിന്റെ തകർന്ന ബണ്ട് ഭാഗത്തിന്റെ സംരക്ഷണ പ്രവൃത്തികൾ | 10 ലക്ഷം | സാമ്പത്തികാനുമതി നല്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

അനുബന്ധം – 2

# റിപ്പോർട്ട്

# ചടയമംഗലം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ

## 1) കുളത്തൂപ്പുഴയും സമീപ വില്ലേജുകൾക്കു വേണ്ടിയുള്ള സംയുക്ത കുടിവെള്ള പദ്ധതി

കുളത്തൂപ്പുഴ, ഏരൂർ, അലയമൺ, ഇട്ടിവ എന്നീ വില്ലേജുകൾക്കു വേണ്ടിയുള്ള സംയുക്ത കുടിവെള്ള പദ്ധതിയാണ്. രണ്ട് ഘട്ടങ്ങളിലായിട്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഒന്നാം ഘട്ടത്തിന് 27/07/2008-ൽ 1400 ലക്ഷം രൂപയ്ക്കുഭരണാനുമതി ലഭിച്ചു. ഇതിൽ പൊതുഘടകങ്ങളായ 10.53 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയും ട്രാൻസ്മിഷൻ ലൈനുകളും ഉപരിതലസംഭരണിയും കുളത്തൂപ്പുഴ പഞ്ചായത്തിലേക്കുള്ള (സോൺ-1) വിതരണശൃംഖലയും ഉൾപ്പെടുത്തിയിരുന്നു. ഒന്നാം ഘട്ടം 25.08.2017-യിൽ പണികൾ പൂർത്തീകരിച്ചു കമ്മീഷൻ ചെയ്തിട്ടുണ്ട്.

രണ്ടാം ഘട്ടത്തിൽ 1815-ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതിയാണ് ലഭിച്ചിരുന്നത്. (AS No:WS/57/2012 dtd:01.11.2012& WS/55/2013-14 dtd:06/07/2013).

### ഘടകങ്ങൾ

1) ഏരൂർ മേഖലയിലേയും (സോൺ-2) അലയമൺ മേഖലയിലേയും (സോൺ-2) ശുദ്ധജലവിതരണ ശൃംഖലകൾ ഈ പണികൾ 2016-ൽ പൂർത്തീകരിച്ച് ശുദ്ധജലവിതരണം നടത്തിവരുന്നു.

2) ഭാരതീപുരത്ത് സ്ഥിതിചെയ്യുന്ന 10 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയിൽ നിന്നും ഇട്ടിവ പഞ്ചായത്തിൽ വയല സ്കൂൾ അങ്കണത്തിൽ 3.4 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതലസംഭരണിയിലേക്കുള്ള ട്രാൻസ്മിഷൻ മെയിൻ (250 DI Pipe) പണികൾ M/s.Technoline Engineering എന്ന കരാർ സ്ഥാപനം 10/10/2018-ൽ പൂർത്തീകരിച്ചു.

3) ഇട്ടിവ പഞ്ചായത്തിൽ വയല സ്കൂൾ അങ്കണത്തിൽ 3.4 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതലസംഭരണി നിർമ്മിച്ച് അതിൽ നിന്നും ഇട്ടിവ പഞ്ചായത്തിൽ വയല കോട്ടുക്കൽ (സോൺ-3) മേഖലയിലേക്കുള്ള ശുദ്ധജലവിതരണ ശൃംഖലകളുടെ പണികൾ പുരോഗമിച്ചുവരുന്നു

Scanned by CamScanner

4. 3.4 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതലസംഭരണിയിൽ നിന്നും ഇട്ടിവ പഞ്ചായത്തിലെ കല്യാണിമുക്കിൽ 4 ലക്ഷം ലിറ്റർ ശേഷിയുള്ള ഒരു ഉപരിതലസംഭരണിയും അതിലേക്കുള്ള ട്രാൻസ്മിഷൻ മെയിൻ (250 DI Pipe) അനുബന്ധ പമ്പ് സെറ്റുകളുടെയും പണികൾ പുരോഗമിച്ചുവരുന്നു. ഇട്ടിവ പഞ്ചായത്തിലെ വാച്ചിക്കോണം (സോൺ-4) മേഖലയിലേക്കുള്ള വിതരണശൃംഖലകളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു.

## 2. കല്ലുവാതുക്കൽ, പാരിപ്പള്ളി, വെളിനല്ലൂർ വില്ലേജുകൾക്കായുള്ള കുടിവെള്ള പദ്ധതി

കല്ലുവാതുക്കൽ, പാരിപ്പള്ളി, വെളിനല്ലൂർ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ കല്ലുവാതുക്കൽ, പാരിപ്പള്ളി, വെളിനല്ലൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുകയും ടി പദ്ധതിയുടെ ഒന്നാം ഘട്ട പണികൾക്കായി 27 കോടിയുടെ (AS No:14/2017/WRD dt 11-2-2017) ഭരണാനുമതി ലഭിക്കുകയും ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി വെളിനല്ലൂർ പഞ്ചായത്തിലെ 1.5 ദശലക്ഷം ലിറ്റർ ശേഷിയുള്ള ആറ്റൂർക്കോണം ജലശുദ്ധീകരണശാലയുടെ പുനരുദ്ധാരണ പ്രവൃത്തികൾ 150 ലക്ഷം രൂപയ്ക്ക് 2-11-2018-ൽ പൂർത്തീകരിച്ചു.

## 3. കേരള വാട്ടർ അതോറിറ്റി - ജിക്ക സഹായത്തോടുകൂടി മീനാടിനും പരിസര പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുന്ന പദ്ധതി - ഇളമാട് പഞ്ചായത്ത് - വിതരണശൃംഖല

ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി ഇളമാട് പഞ്ചായത്തിൽ 11.76 കി.മീ. വിതരണശൃംഖല സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഷിബു സക്കറിയ - മൻട്ടെക് സർവ്വീസ് ജെ.വി. എന്ന കമ്പനി പ്രസ്തുത കരാർ ഏറ്റെടുക്കുകയും പണികൾ ഏകദേശം പൂർത്തിയാക്കാറാകുകയും ചെയ്തിട്ടുണ്ട്.

Scanned by CamScanner

4.ചിതറ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് മുതൽ കാഞ്ഞിരത്തുംമൂട് വരെയുള്ള എ.സി ട്രാൻസ്മിഷൻ മെയിൻ മാറ്റുന്ന പ്രവർത്തികൾക്ക് കിഫ്ബി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കാഞ്ഞിരത്തുംമൂട് മുതൽ കൊച്ചാലുംമൂട് വരെയുള്ള പൈപ്പുമാറ്റുന്ന പ്രവർത്തി (ഫേസ്-2)യിൽ ചിങ്ങേലി മുതൽ കൊച്ചാലുംമൂട് വരെയുള്ള പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. കാഞ്ഞിരത്തുംമൂട് മുതൽ ചിങ്ങേലി വരെയുള്ള ഭാഗത്തു പൈപ്പ് മാറ്റുന്നതിന് പി.ഡബ്ളിയൂ.ഡി റോഡ് മുറിയ്ക്കുന്നതിനുള്ള അനുമതി കിട്ടിയിട്ടില്ലാത്തതിനാൽ പൂർത്തീകരിച്ചിട്ടില്ല. അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്.

5.മലയോര ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കേടായ പൈപ്പുകൾ മാറ്റുന്ന പ്രവർത്തികളിൽ അരിപ്പ മുതൽ ഇലവുപാലം വരെയുള്ള പൈപ്പ് മാറ്റിയിടൽ പ്രവർത്തി നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ